**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 2383 — 12.06.2018-ൽ മറുപടിക്ക്

## റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകൾക്ക് ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** | **ശ്രീ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പു കൾക്ക് കടുത്ത ക്ഷാമം നേരി ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്ത് റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പു കൾക്ക് ചില ജില്ലകളിൽ പ്രാദേശികമായി ക്ഷാമം അനുഭവപ്പെട്ടിരുന്നതായി ശ്രദ്ധയിൽ പ്പെട്ടിരുന്നു. |
| ബി) ഇപ്രകാരം ക്ഷാമം നേരിടാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | ബി) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള തിരുവന ന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നുമാണ് ട്രഷറികൾക്ക് ആവശ്യമായ മുദ്ര പ്പത്രങ്ങളും സ്റ്റാമ്പുകളും വിതരണത്തിന് ലഭ്യമാ കുന്നത്. നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും തിരുവന ന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ എത്തിച്ചാണ് ഇവ ട്രഷറികൾക്ക് വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത്, ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്ന തിനാൽ സെക്യൂരിറ്റി പ്രസ്സിൽ നിന്നും സ്റ്റാമ്പുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുകയും, തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ 50, 100 രൂപ മൂല്യത്തിലുള്ള മുദ്രപ്പത്രങ്ങളും റവന്യൂ സ്റ്റാമ്പുകളും സ്റ്റോക്കില്ലാതെ വരികയും അവ ട്രഷറികൾക്ക് ലഭ്യമാകാതിരുന്നതും പ്രാദേശികമായി ഇവയുടെ ക്ഷാമത്തിനിടയാക്കുകയുണ്ടായി. ഈ സാഹച ര്യം ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട് . |
| സി) ഈ ക്ഷാമം മുതലെടുത്ത് ഓൺ ലൈൻ വ്യാപാര സൈറ്റുകളിൽ ഇവയ്ക്ക് മുന്നിരട്ടി അധിക വില ഈടാക്കി വില്പന നടത്തുന്ന സാഹ ചര്യത്തിൽ റവന്യൂ കോർട്ട് ഫീ | സി) ഓൺലൈൻ വ്യാപാര സൈറ്റുകൾ വഴി അധിക വില ഈടാക്കി റവന്യൂ, കോർട്ട് ഫീ സ്റ്റാമ്പ് വില്പന നടത്തുന്നതായ വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും റവന്യൂ സ്റ്റാമ്പുകളുടേയും കോർട്ട് ഫീ സ്റ്റാമ്പു |

സ്റ്റാമ്പുകളുടെ ക്ഷാമം നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ?

കളുടേയും ലഭ്യത ഉറപ്പ് വരുത്തുവാൻ ആവശ്യമായ ക്രമീകരണം ട്രഷറികളിൽ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകളുടെ സ്റ്റോക്ക് കൂടുതലുള്ള ട്രഷറികളിൽ നിന്നും പരിമിതമായ നീക്കിയിരുപ്പുള്ള ട്രഷറികളിലേയ്ക്ക് എത്തിക്കുന്നതിന് ജില്ലാ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി ദൈനംദിന സ്റ്റോക്കുവിവരം അറിയിക്കുവാനും അതിൻപ്രകാരം സ്റ്റോക്ക് പുനർക്രമീകരണം നടത്തി റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകളുടെ ലഭ്യത ഉറപ്പ് വരുത്തുവാനും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും മുദ്രപ്പത്രങ്ങളുടേയും റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകളുടേയും സ്റ്റോക്ക് എത്തിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നും ട്രഷറികൾക്ക് വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകൾക്ക് അനുഭവപ്പെട്ടിരുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**